**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6264** **17-03-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ സ്ഥാപനങ്ങളിലെ അഴിമതിക്കാർക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. എം.വിജിൻ,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ സ്ഥാപനങ്ങളിലെ അഴിമതിക്കാർക്കെതിരെ കർശന നടപടി സാധ്യമാക്കുന്നതിനായി സഹകരണ വിജിലൻസിന് പോലീസ് അധികാരം നൽകി ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സഹകരണസ്ഥാപനങ്ങളിലെ അഴിമതിക്കാർക്കെതിരെ കർശനനടപടി സാധ്യമാക്കുന്നതിനായി സഹകരണ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കേരള സഹകരണ സംഘം നിയമം സമഗ്രമായി ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | സഹകരണ സംഘങ്ങളുടെ ഭരണ സമിതികളുടെ ഭാഗത്ത് നിന്നും ക്രമക്കേടുണ്ടാകാതിരിക്കാൻ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (ബി) | സഹകരണസ്ഥാപനങ്ങളിലെ അഴിമതിക്കാർക്കെതിരെ കർശനനടപടി സാധ്യമാക്കുന്നതിനായി സഹകരണ വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കേരള സഹകരണ സംഘം നിയമം സമഗ്രമായി ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | സംഘങ്ങളുടെ നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടുവരുന്നതിന് കുടിശിക നിവാരണ യജ്ഞം നടത്തിയിരുന്നോ; വ്യക്തമാക്കുമോ? | (സി) | പ്രാഥമിക സഹകരണ സംഘങ്ങൾ/ ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും, കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് പ്രാഥമിക സംഘങ്ങൾ/ ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ബാങ്കുകളായി മാറ്റുന്നതിനും, കുടിശ്ശികയുള്ളവർക്ക് പ്രത്യേക ഇളവുകൾ നൽകുന്നതിനുമായി 'നവകേരളീയം കുടിശ്ശിക നിവാരണം – ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' നടപ്പിലാക്കാറുണ്ട്. 2021 ആഗസ്റ്റ് 16 – ന് ആരംഭിച്ച നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയ്ക്ക് കോവിഡ് സാഹചര്യം പരിഗണിച്ച് 2022 സെപ്റ്റംബർ 30 വരെയും, 2023 വർഷത്തിൽ ഫെബ്രുവരി 1 മുതൽ മാർച്ച് 31 വരെയും നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ